# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1688** 05-02-2019-ൽ

മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അൻവർ സാദത്ത്** : | **ഡോ. കെ. ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | അടുത്ത അദ്ധ്യയന വർഷം മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് പത്ത് ശതമാനം സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | സർക്കാർ കോളേജുകളിലെ ഓരോ ഡിഗ്രി,പി.ജി. കോഴ്സിലും 10% വും സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് കളിലെ ഓരോ കോഴ്സിനും 7.5% വും സീറ്റുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗങ്ങൾക്ക് 2008-09 അധ്യയന വർഷം മുതൽ തന്നെ പ്രത്യേകമായി സംവരണം ഏർപ്പെടുത്തിക്കൊണ്ട് (സ.ഉ. (കൈ) നം.109/2008/ഉ.വി.വ തീയതി 04-09-2008 പ്രകാരം) സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിനായി സീറ്റുകളുടെ ലഭ്യതയും മറ്റ് വിശദാംശങ്ങളും നൽകുവാൻ കേന്ദ്ര മാനവശേഷി മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | ബി) & സി) | 10% സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം പരിശോധനക്കും, തുടർനടപടികൾക്കുമായി പൊതുഭരണ (ഏകോപനം) വകുപ്പിന് കൈമാറ്റം ചെയ്തിട്ടുണ്ട്. |
| (സി) | സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ അൺ എയ്ഡഡ് സ്ഥാപനങ്ങളിലും പ്രസ്തുത സംവരണം ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ അത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**